**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും പോഷകാഹാരത്തിനായി മാസം രണ്ടായിരം രൂപ നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ധനസഹായം നൽകുന്ന 'ജനനീ-ജന്മരക്ഷാ' പദ്ധതി പ്രകാരം 2021-22 സാമ്പത്തികവർഷം ആഗസ്റ്റ് മാസം വരെ തുക അനുവദിച്ച് കുടിശ്ശിക വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി തടസ്സങ്ങൾ കൂടാതെ തുടർന്നു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന തുകയും ആയതിന്റെ കുടിശികയും നൽകാൻ നടപടികൾ സ്വീകരിക്കുമോ; ഈ തുക മുടങ്ങുന്നില്ലെന്ന് ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | പദ്ധതിയിലെ കുടിശ്ശിക തുക 2021 നവംബർ മാസം പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞു. 693 പേർക്ക് കുടിശ്ശിക തുക ഉൾപ്പെടെ 83,92,000/- രൂപയാണ് വിതരണം ചെയ്തത്. പ്രസ്തുത പദ്ധതിയിൽ തുക മുടങ്ങുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് പരിഹരിക്കാൻ മൂന്ന് പഞ്ചായത്തുകളിലെ ഊരുകളിൽ തുടങ്ങിയ നൂറ്റി തൊണ്ണൂറോളം സമൂഹ അടുക്കളകളിൽ നിരവധി എണ്ണം പ്രവർത്തിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ആകെയുള്ള 192 ഊരുകളിൽ 182 സമൂഹ അടുക്കളകൾ പ്രവർത്തിച്ചിരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായിരുന്നു നടത്തിപ്പ ചുമതല. പ്രാദേശികമായ പ്രശ്നങ്ങൾ കാരണവും ഊരുക്കൂട്ടങ്ങളുടെ താൽപ്പര്യപ്രകാരവും ചില ഊരുകളിൽ സമൂഹ അടുക്കള പ്രവർത്തനം ആവശ്യമില്ലെന്ന് തീരുമാനിച്ചതിനെ തുടർന്ന് പ്രവർത്തനം നിർത്തിയിരുന്നു. നിലവിൽ 150 ഊരുകളിൽ സമൂഹ അടുക്കള പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പോഷകാഹാരം ഉറപ്പാക്കുന്നതിനുള്ള മില്ലെറ്റ് ഗ്രാമം പദ്ധതി നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | പട്ടികവർഗ വികസന വകുപ്പിന്റേയും കൃഷി വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ 3 വർഷക്കാലത്തേക്കാണ് 2017-18 ൽ 'മില്ലറ്റ് ഗ്രാമം' പദ്ധതി ആരംഭിച്ചത്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. |
| (ഇ) | അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കോട്ടത്തറയിലെ ട്രൈബൽ ആശുപത്രിയുടെ | (ഇ) | ഉണ്ട്. കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ 54 കിടക്കകളുള്ള ആശുപത്രിയിൽ നിന്നും 100 കിടക്കകളുള്ള ആശുപത്രിയായി |

| | | | |
|---|---|---|---|
| | പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം 750-ഓളം ഒ.പി., 100 ഐ.പി ഉൾപ്പെടെയുള്ള സേവനം നൽകിവരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ വെൽനെസ്സ് ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, വെൽ വുമൺ ക്ലിനിക്ക്, ജെറിയാട്രിക് ക്ലിനിക്ക്, തെമ്പ് പരിപാടി, സിക്കിൾ സെൽ ഡിറ്റക്ഷൻ, ഐ.യു.ജി.ആർ വാർഡ്, ഫാമിലി പ്ലാനിംഗ് കൗൺസിലിംഗ്, ഡി-അഡിക്ഷൻ സെന്റർ എന്നീ സേവനങ്ങൾ നൽകുന്നു. പട്ടികവർഗക്കാരുടെ ചികിൽസക്കായി പാലക്കാട് ഡിഎംഒ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് തുക അനുവദിച്ചു നൽകുന്നുണ്ട്. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ